കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -- മഴക്കാല പൂർവ്വ ശുചീകരണവും ആരോഗ്യരംഗത്തെ നിതാന്ത ജാഗ്രതയും - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധ)നം.1093/2009/തസ്വഭവ. തീയതി, തിരുവനന്തപുരം, 8-5-2009

---

## ഉത്തരവ്

2006-07 വർഷങ്ങളിൽ സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ട ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികളെ രോഗപ്രതിരോധ പ്രവർത്തനത്തിലൂടെയും, മഴക്കാലപൂർവ്വ ശുചീകരണ പരിപാടികളിലൂടെയും 2008 വർഷത്തിൽ വലിയ അളവിൽ നിയന്ത്രണവിധേയമാക്കുകയുണ്ടായി. ഈ പകർച്ചവ്യാധികൾ പകരുന്നത് കൊതുകുകളിലൂടെ ആയതിനാൽ വെള്ളം കെട്ടിനിന്ന് കൊതുക് വളരുന്ന സാഹചര്യത്തെ ഒഴിവാക്കുകയും പരിസരം വൃത്തിയായി സൂക്ഷിക്കുകയുമാണ് പ്രധാനം. ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മേയ് ആദ്യവാരം മുതൽ തന്നെ പ്രായോഗികമാക്കേണ്ടതുണ്ട്. മേയ് 10 ഞായറാഴ്ച എല്ലാ വീടുകളിലും വെള്ളം കെട്ടിനിൽക്കുന്നതിനും കൊതുക് മുട്ടയിട്ട് പെരുകുന്നതിനുമുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പ് വരുത്തുന്ന ഉറവിട നശീകരണം (ഡ്രൈ ഡേ) ആചരിക്കുകയും തുടർന്നുള്ള ഞായറാഴ്ചകളിൽ ഇത് ആവർത്തിക്കുകയും വേണം. പൊതുസ്ഥലങ്ങളിലും, പൊതു സ്ഥാപനങ്ങളിലും, സ്കൂളുകളിലും, ആശുപത്രികളിലും, ശുചിത്വ പ്രവർത്തനം എത്തണം. ഓടകളും, തോടുകളും, കുളങ്ങളും, കിണറുകളും വെള്ളം വൃത്തിയാക്കി കൊതുക് വളരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ഓരോ മേഖലയിലേയും, ബോധവൽക്കരണവും പ്രവർത്തനവും നടത്തുന്നതോടൊപ്പം മേയ് 25 മുതൽ 31 വരെ നീണ്ടുനിൽക്കുന്ന

ഒരാഴ്ചക്കാലത്തെ ഊർജ്ജിത മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനവും, തുടർന്ന് രണ്ട് മാസമെങ്കിലും ആരോഗ്യ ജാഗ്രത പുലർത്തുന്ന പ്രവർത്തനവും ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ ദിവസങ്ങളിൽ പൊതുജനങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും, ഉദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും കൂട്ടായ പ്രചാരണവും പ്രവർത്തനവും ഉണ്ടാകേണ്ടതും ഇത് വിജയിപ്പിക്കുന്നതിനും തുടർന്നുള്ള ദിവസങ്ങളിൽ ജാഗ്രത പുലർത്തുന്നതിനും 'ഡ്രൈ ഡേ' ആചരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ പകർച്ചവ്യാധികൾ തടയുക എന്ന ഉദ്ദേശത്തോടെ മഴക്കാലപൂർവ്വശുചീകരണപരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി, താഴെപ്പറയുന്ന കർമ്മപദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 2009 മെയ് 26 മുതൽ മേയ് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഴക്കാലപൂർവ്വശുചീകരണവും ആരോഗ്യകുടുംബക്ഷേമ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള നിതാന്ത ജാഗ്രതയുടെ ഊർജ്ജിത കാമ്പയിനും സംസ്ഥാനത്താകെ നടപ്പാക്കുന്നതാണ്.
2. ഓരോ ജില്ലയിലെയും മഴക്കാലപൂർവ്വശുചീകരണവും, രോഗപ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് സംസ്ഥാന മന്ത്രിസഭാംഗങ്ങൾക്ക് ഓരോ ജില്ലയുടെയും ചുമതല നൽകുന്നതാണ്.
3. ജലവിഭവം, പൊതുമരാമത്ത്, ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം, മത്സ്യബന്ധന വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, വിദ്യാഭ്യാസം, ആരോഗ്യം, മൃഗസംരക്ഷണം, ഗതാഗതം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും മുകളിൽ പറയുന്ന വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളും ആയി സംസ്ഥാനതല മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതാണ്. പ്രസ്തുത സമിതി മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കും നിതാന്തജാഗ്രത ഊർജ്ജിത കാമ്പയിനും നേതൃത്വം വഹിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

ടി.കെ.ജോസ്.
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശുചിത്വമിഷൻ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും(നഗരകാര്യവകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത്സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക്.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങൾവഴി വ്യാപകമായ പ്രചരണത്തിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ
വെബ്സൈറ്റിൽ അടിയന്തിരമായി പബ്ലിഷ് ചെയ്യേണ്ടതാണ്)
ജനറൽ അഡ്മിനിസ്ട്രേഷൻ (എസ്.സി) വകുപ്പ് (ഇനം നം....................പ്രകാരം)
പൊതുമരാമത്ത് വകുപ്പ്/ജലസേചന വകുപ്പ്/ആരോഗ്യ വകുപ്പ്/
സാമൂഹ്യ ക്ഷേമ വകുപ്പ്/ കൃഷി വകുപ്പ്/വിദ്യാഭ്യാസവകുപ്പ്/ മത്സ്യവകുപ്പ്/മൃഗസംരക്ഷണവകുപ്പ്/ പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ്/ഗതാഗത വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻപ്രകാരം അയക്കുന്നത്

സെക്ഷൻ ഓഫീസർ